# സ്ഥിരതയോടെ ദൈവഹിതം നിറവേറ്റുന്നത്.

സാക് പുന്നൻ

WFTW 16 ഫെബ്രുവരി 2014

ഞാൻ എന്റെ ഇഷ്ടമല്ല എന്നെ അയച്ചവന്റെ ഇഷ്ടമത്രെ ചെയ്‌വാൻ സ്വർഗത്തിൽ നിന്ന് ഇറങ്ങിവന്നിരിക്കുന്നത് '(യോഹ 6: 36). ഇവിടെ യേശു തന്റെ സ്വന്തം വാക്കുകളിൽ നമ്മോടു പറയുന്നത്, എന്തു ചെയ്യാനാണ് അവിടുന്ന് ഈ ഭൂമിയിൽ വന്നത് എന്നാണ്. ഈ ഒറ്റ വാചകത്തിൽ തന്റെ ഭൂമിയിലെ ജീവിതത്തിന്റെ ഓരോ ദിവസവും യേശു എങ്ങനെയാണ് ജീവിച്ചത് എന്നുള്ള ഒരു വിശദീകരണം നമുക്കുണ്ട്. യേശുവിന്റെ നസ്രേത്തിലെ മുപ്പതു വർഷത്തെ ജീവിതം മറയ്ക്കപ്പെട്ട വർഷങ്ങളായാണ് സൂചിപ്പിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ ഇവിടെ, ആ 30 വർഷങ്ങളിൽ താൻ എന്തുചെയ്തെന്ന് യേശു നമ്മോടു പറയുന്നു. അവിടുന്ന് തന്റെ ഇഷ്ടത്തെ നിഷേധിച്ച് പിതാവിന്റെ ഇഷ്ടം നിറവേറ്റി.

കഴിഞ്ഞുപോയ നിത്യത മുതൽ യേശു സ്വർഗ്ഗത്തിൽ പിതാവിനോട് കൂടെ ആയിരുന്നപ്പോൾ അവിടുത്തേയ്ക്ക് ഒരിക്കലും തന്റെ ഇഷ്ടത്തെ നിഷേധിക്കേണ്ടി വന്നിട്ടില്ല, കാരണം അവിടുത്തെ സ്വന്തം ഇഷ് ടം പിതാവിന്റെ ഇഷ്ടം തന്നെ ആയിരുന്നു. എന്നാൽ അവൻ നമ്മുടെ ജഡത്തിൽ ഈ ഭൂമിയിലേയ്ക്കു വന്നപ്പോൾ, ആ ജഡത്തിന് ഒരോ ഇടത്തും ദൈവഹിതത്തിനു നേരെ എതിരായിട്ടുള്ള ഒരു സ്വന്ത ഇഷ്ടം ഉണ്ടായിരുന്നു. അപ്പോൾ യേശുവിന് പിതാവിന്റെ ഇഷ്ടം ചെയ്യാൻ കഴിയേണ്ടതിന് ഒരു വഴി മാത്രമെ ഉണ്ടായിരുന്നുള്ളൂ, അത് തന്റെ സ്വന്തം ഇഷ്ടത്തെ എല്ലാ സമയത്തും നിഷേധിക്കുക എന്നതായിരുന്നു. ഇതായിരുന്നു യേശു തന്റെ ഭൌതിക ജീവിതത്തിലുടനീളം വഹിച്ച ക്രൂശ് തന്റെ സ്വന്തഹിതത്തിന്റെ ക്രൂശീകരണം അവനെ അനുഗമിക്കണമെങ്കിൽ നാം എല്ലാ നാളും വഹിക്കുവാൻ അവൻ നമ്മോട് ആവശ്യപ്പെടുന്നതും ഇതു തന്നെയാണ്.

തന്റെ സ്വന്ത ഇഷ്ടത്തിന്റെ സ്ഥിരമായുള്ള നിഷേധമാണ് യേശുവിനെ ഒരാത്മീയമനുഷ്യനാക്കിതീർത്തത്. നമ്മെയും ആത്മീയരാക്കുന്നത് ഈ നിരന്തരമായ സ്വന്തഹിതത്തിന്റെ നിഷേധമാണ്. നാം എല്ലാദിവസവും പലകാര്യങ്ങളെ സംബന്ധിക്കുന്ന തീരുമാനങ്ങളെടുക്കുന്നു. നമ്മുടെ പണം അല്ലെങ്കിൽ ആരെക്കുറിച്ച് സംസാരിക്കണം, അല്ലെങ്കിൽ എങ്ങനെ ഒരാളിനോട് സംസാരിക്കണം അല്ലെങ്കിൽ എങ്ങനെ ഒരു പ്രത്യേക എഴുത്തെഴുതണം, അല്ലെങ്കിൽ മറ്റൊരാളിന്റെ പെരുമാറ്റത്തോട് എങ്ങനെ പ്രതികരിക്കണം, അല്ലെങ്കിൽ വചനം പഠിക്കുന്നതിലോ, പ്രാർത്ഥനയിലോ, സഭയിൽ ശുശ്രൂഷചെയ്യുന്നതിലോ എത്ര സമയം ചെലവാക്കണം മുതലായ കാര്യങ്ങളെ സംബന്ധിക്കുന്ന തീരമാനങ്ങൾ നാം എടുക്കുന്നു. നമ്മുടെ ചുറ്റുമുള്ള ആളുകളുടെ ചെയ്തികൾ, വാക്കുകൾ, പെരുമാറ്റം ഇവയോട് രാവിലെ മുതൽ രാത്രിവരെ പ്രതികരിക്കുന്നു. നാം അതു മനസ്സിലാക്കുന്നില്ലായിരിക്കാം. എന്നാൽ ഒരു ദിവസം കുറഞ്ഞത് നൂറ് തീരുമാനങ്ങളെടുക്കുന്നു ആ ഓരോ തീരുമാനങ്ങളിലും നാം ഒന്നുകിൽ നമ്മെത്തന്നെ പ്രസാദിപ്പിക്കുവാൻ തീരുമാനിക്കുന്നു.

നമ്മുടെ അധികം ചെയ്തികളും ബോധപൂർവ്വമായ തീരുമാനങ്ങളുടെ ഫലമല്ല. എന്നാൽ അപ്പോൾ പോലും നാം അതു ചെയ്യുന്നത് ഈ രണ്ടു മാർഗ്ഗങ്ങളിൽ ഒന്നാണ് ഒന്നുകിൽ നമ്മെതന്നെ പ്രസാദിപ്പിക്കുന്നത് അന്വേഷിച്ചുകൊണ്ട് അല്ലെങ്കിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നതിന് നമ്മുടെ ബോധപൂർവ്വമല്ലാത്ത ചെയ് തികൾ നിർണയിക്കപ്പെടുന്നത് നാം ബോധപൂർവ്വം തീരുമാനങ്ങളെടുക്കുന്ന മാർഗ്ഗത്താലാണ്. ഈ തീരുമാനങ്ങളുടെ ആകെതുകയാണ് ഒടുവിൽ നാം ആത്മീയനായിത്തീർന്നോ അതോ ജഡികനായി തീർന്നോ എന്ന് നിർണ്ണയിക്കുന്നത്.

നാം ആദ്യം രക്ഷിക്കപ്പെട്ടപ്പോൾ മുതൽ എടുത്ത ലക്ഷക്കണക്കിനു തീരുമാനങ്ങളെ കുറിച്ചു ചിന്തിച്ചു നോക്കുക. ബോധപൂർവം സ്ഥിരതയോടെ ഓരോ ദിവസവും ധാരാളം തവണ തങ്ങളുടെ സ്വന്തഹിതം ത്യജിച്ച് ദൈവഹിതം ചെയ്യാൻ തിരഞ്ഞെടുത്തിട്ടുള്ളവർ ആത്മീയരായി തീർന്നിട്ടുണ്ട്. മറിച്ച്, തങ്ങളുടെ പാപക്ഷമയിൽ മാത്രം സന്തോഷിച്ച് അതുകൊണ്ടു തന്നെ അധിക സമയങ്ങളിലും തങ്ങളെ തന്നെ പ്രസാദിപ്പിക്കുന്നത് തിരഞ്ഞെയുക്കുന്നവർ ജഡികരായി തുടരുന്നു. ഓരോ വ്യക്തിയുടെയും തീരുമാനങ്ങളാണ് അവർ ഒടുവിൽ എന്തായിതീർന്നിരിക്കുന്നു എന്ന് നിർണയിക്കുന്നത്.

കഴിഞ്ഞ വർഷങ്ങളിൽ ജീവിതത്തിലെ വിവിധ സാഹചര്യങ്ങളിൽ നിങ്ങൾ കൈക്കൊണ്ട ആയിരക്കണക്കിനു തീരുമാനങ്ങളിലൂടെ, ആയിതീരണമെന്ന് നിങ്ങൾതന്നെ തിരഞ്ഞെടുത്ത അത്രയും വിനീതരും, വിശുദ്ധരും, സ്നേഹിക്കുന്നവരും ആയി ഇന്ന് നിങ്ങൾ തീർന്നിരിക്കുന്നു.

ദൈവവുമായുള്ള ഇടപെടലിലൂടെ വരുന്ന ഒരു കാര്യമല്ല ആത്മീയത. ദിനംതോറും, ആഴ്ചതോറും, വർഷംതോറും തന്നെത്താൻ ത്യജിക്കുന്നതും ദൈവഹിതം ചെയ്യുന്നതുമായ മാർഗം സ്ഥിരതയോടെ തിരഞ്ഞെടുക്കുന്നതിന്റെ ഫലമാണ് അത്.

(മൊഴിമാറ്റം: സൂസമ്മ ജേക്കബ്, ആലപ്പുഴ)